കടലാക്രമണ നിരോധന പ്രവർത്തനങ്ങൾ

138 [151] ശ്രീ. വി. ദിനകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിന്റെ തീരപ്രദേശമായ പുന്നപ്ര മുതൽ അമ്പലപ്പുഴവരെയുള്ള ഭാഗത്ത് കടലാക്രമണ നിരോധന പ്രവർത്തനങ്ങൾ നടക്കുന്നില്ലെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കടലാക്രമണ നിരോധന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) അമ്പലപ്പുഴ ഭാഗത്ത് B L S 51 മുതൽ 55 വരെയും B L S 55 മുതൽ 59 വരെയും പ്രദേശങ്ങളിൽ രണ്ടു ഭാഗങ്ങളിൽ കടലാക്രമണ നിരോധന പണികൾ 95% കഴിഞ്ഞ വർഷം തീർത്തിരുന്നു. എന്നാൽ കഴിഞ്ഞ വർഷം ഉണ്ടായ രൂക്ഷമായ കടലാക്രമണത്തിൽ ഭൂരിഭാഗവും തകർന്നു പോയി. കരാറുകാരൻ പണി ഉപേക്ഷിച്ചിരിക്കുകയാണ്. പുതുക്കിയ എസ്റ്റിമേറ്റിനു അംഗീകാരം നൽകേണ്ടതുണ്ട്. B L S 55 മുതൽ 59 വരെയുള്ള ശേഷിച്ച ഭാഗത്ത് ഇപ്പോൾ പണി പുരോഗതിയിലാണ്.

കോട്ടൂർ ആറിന്റെ കരകളിൽ കരിങ്കൽ ഭിത്തി കെട്ടാൻ നടപടി

139 [152] ശ്രീ. ഉമ്മൻചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടൂർ ആറിന്റെ ഇരുവശങ്ങളിലും കരിങ്കല്ലു കെട്ടുന്നതിനുള്ള നടപടികൾ എന്തായി എന്നു വ്യക്തമാക്കാമോ;

(ബി) അവശേഷിക്കുന്ന പണികൾ ഏറ്റെടുത്തു നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ഈ പണി 1936–37-ൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (Vol. II item No. 250 on page 474) അടങ്കൽ തുക 12,100 ലക്ഷം രൂപയാണ്. വെള്ളപ്പൊക്കനിയന്ത്രണ സാങ്കേതിക ഉപദേശക സമിതിയുടെ അനുമതി കിട്ടിയിട്ടുണ്ട്. മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

മീനച്ചിലാറിനു നീറിക്കാട് കരിങ്കൽ ഭിത്തി

140 [153] ശ്രീ. ഉമ്മൻ ചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനച്ചിലാറിന്റെ ഇടതുവശം നീറിക്കാട് മുതൽ പുന്നത്തുറ വരെ (അയർകുന്നം പഞ്ചായത്ത്) കരിങ്കല്ലു കെട്ടുന്നതിനു എത്ര ലക്ഷം രൂപയുടെ പണി പൂർത്തിയായി എന്നും എത്ര ലക്ഷം രൂപയുടെ പണി നടന്നുകൊണ്ടിരിക്കുന്നുവെന്നും വ്യക്തമാക്കാമോ;

(ബി) ഇനിയും ശേഷിക്കുന്ന പണികൾ കൂടി ഏറ്റെടുക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly